# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 515

28.06.2011 ൽ മറുപടിയ്ക്ക്

### മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പുമന്ത്രി) |
| (എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി നിലവിലുണ്ട്. ഈ ലബോറട്ടറിയിൽ പ്രതിവർഷം 5000 ത്തോളം സാമ്പിളുകൾ പരിശോധിക്കുവാനുള്ള സൌകര്യം ഇപ്പോൾ നിലവിലുണ്ട്. സർക്കാർ മേഖലയിലെ രണ്ടാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എറണാകുളത്ത് നടന്നുവരികയാണ്. സ്വകാര്യമേഖലയിൽ നാല് സർക്കാർ അംഗീകൃത ലബോറട്ടറികളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്താൻ പ്രത്യേകം പരിശോധനകൾ നടത്തുമോ; | (ബി) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ വിതരണം ചെയ്യുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ്. അഖിലേന്ത്യാതലത്തിൽ സ്വീകരിക്കുന്ന ടെണ്ടറുകൾ മുഖേനയാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിക്കുന്നത്. ഉന്നതതലത്തിലൊരിക്കൽ കോർപ്പറേഷൻ നിയോഗിക്കുന്ന വിദഗ്ദ്ധ സമിതി പരിശോധിച്ച് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചാണ് മരുന്നുകൾ നിർമ്മിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുള്ള സ്ഥാപനങ്ങളെയാണ് ടെണ്ടറിൽ പങ്കെടുപ്പിക്കുന്നത്. ഓരോ ബാച്ച് മരുന്നിനൊപ്പവും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് മരുന്ന് നിർമ്മിച്ചിട്ടുള്ളതെന്ന സ്ഥാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പരിശോധനാ റിപ്പോർട്ട് കൂടി സമർപ്പിക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനു പുറമെ കോർപ്പറേഷൻ സംഭരിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും സാമ്പിളുകൾ വെയർ ഹൌസുകളിൽ നിന്നും നേരിട്ട് ശേഖരിച്ച് സർക്കാർ അംഗീകൃത ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ ഗുണ മേന്മാ പരിശോധനയ്ക്ക് അയച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. സർട്ടിഫൈ ചെയ്യുന്ന മരുന്നുകൾ മാത്രമേ കോർപ്പറേഷൻ സ്റ്റോക്കിൽ സ്വീകരിച്ച് സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നുള്ളൂ. |

(സി) വ്യാജപരസ്യങ്ങൾ നൽകി ഉപഭോക്താക്കളെ ചൂഷണംചെയ്യുന്ന വിവിധ ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ഗുണനിലവാരം ഇല്ലാത്തവയ്ക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

(സി) വ്യാജ പരസ്യങ്ങൾ നൽകി ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ മേൽ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്സ് ആക്ട് 1954 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ഇത്തരത്തിൽ വിൽക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർ സാമ്പിൾ ശേഖരിച്ച് ഡ്രഗ് ടെസ്റ്റിംഗ് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടിൽ ഗുണനിലവാരം ഉറപ്പാക്കാനില്ലായെങ്കിൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് 1940 പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ